**സിമ്പോസിയം**

# ശരീഅത്ത് ഒരു സ്വകാര്യ കുറിപ്പ്

**എൻ.പി മുഹമ്മദ്**

ഇന്ത്യൻ മുസ്‌ലിംകളുടെ പേർസണൽ ലോ കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണെന്നു ഞാൻ കുറെക്കാലമായി വാദിച്ചുപോന്നിട്ടുണ്ട്. ഏകീകൃതമായ ഒരു സിവിൽകോഡ് ഇന്ത്യയിൽ വന്നാൽ മതഭേദം സംഭവിക്കുകയില്ലെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ വാദസമർഥനത്തിനു എന്റേതായ യുക്തികൾ നൽകുകയും ചെയ്തിരുന്നു. എന്നെ എതിർത്തവർ ഈ യുക്തിചിന്തകളോട് ഗൗരവാവഹമായി പ്രതികരിച്ചിരുന്നില്ല. എതിർപ്പ് എന്നോടായിരുന്നു. നാലു രീതിയിലുള്ള പ്രതികരണങ്ങൾ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒന്ന്: ആരാണിവൻ? രണ്ട്: മതപാണ്ഡിത്യമില്ലാത്ത ഇവനു ഇതൊന്നും പറയാനുള്ള അവകാശമില്ലെന്ന സിവിൽതർക്കം. മൂന്ന്: ഇയാൾ മതനിഷേധി; നിരീശ്വരവാദി. നാല്: ഇയാൾക്ക് ഇയാളുടെ ജോലി ചെയ്താൽ പോരേ?

ആദ്യത്തെ മൂന്നു ആരോപണങ്ങളും ഞാൻ ഒഴിവാക്കുന്നു. നാലാമത്തേത് തീർച്ചയായും ഒരു വിശദീകരണം അർഹിക്കുന്നുണ്ട്.

ഒരു ശരീഅത്ത് പണ്ഡിതനാണെന്നു ഞാനൊരിക്കലും അവകാശപ്പെട്ടിട്ടില്ല. അവകാശപ്പെടാനുള്ള അർഹതയും എനിക്കില്ല. ശരീഅത്തിന്റെ സൂക്ഷ്മാംശങ്ങൾ എനിക്കറിയുകയുമില്ല. എന്നാൽ എന്റെ ചുറ്റുപാടുകൾ എനിക്കറിയാം. ഒരു സീസൺ നീണ്ടുനിൽക്കുന്ന അറബിക്കല്യാണം വകയിൽ സമ്പാദ്യമായി ഒക്കത്തുകിട്ടിയ കുഞ്ഞുമായി ഇരന്നുനടക്കുന്ന മുസ്‌ലിം പെൺകുട്ടികളെ എനിക്കറിയാം. ഇവരോട്, സ്ത്രീകൾക്ക് ഏറ്റവുമധികം സ്വാതന്ത്ര്യം അനുവദിച്ച മതം ഇസ്‌ലാമാണെന്നു പറയുന്നത് പരിഹാസ്യമാണെന്നും എനിക്കറിയാം. നാലു പെണ്ണുകെട്ടി അഞ്ചാമത്തേതിൽ അഭിനിവേശം തോന്നിയാൽ ആദ്യത്തേതിനെ ഇടം വലം നോക്കാതെ മൊഴിചൊല്ലി അഞ്ചാമതായൊന്നിനോട് ലൈംഗിക ബന്ധം പുലർത്തി ജീവിതത്തെ അനുസ്യൂതമായി കാമലീലയാക്കി മാറ്റുന്ന വിവാഹ വീരന്മാരെ എനിക്കറിയാം. ഇവരോട് വ്യഭിചാരം നിഷിദ്ധമാണെന്ന് ഇസ്‌ലാം കൽപിച്ചിട്ടുണ്ടെന്ന് മറുവാക്ക് പറയുന്നത് അപഹാസ്യമാണെന്ന് എനിക്കറിയാം. വേദനാമയമായ ജീവിതത്തെ യാതനാമയമാക്കുന്ന സഹപത്നിമാരുടെ കദനകഥകൾ എനിക്കറിയാം. ഇവരോട് അവരുടെ ഗുണത്തിനാണ് ബഹുപത്നീവ്രതം എന്നു പറയുന്ന മുരടത്തം എന്താണെന്നും എനിക്കറിയാം. മുത്തച്ഛൻ ജീവിച്ചിരിക്കെ അച്ഛൻ അകാലചരമം അടയുക കാരണം സ്വത്തവകാശം നഷ്ടപ്പെട്ടുപോയ പൗത്രന്മാരുടെ കഷ്ടപ്പാടുകൾ എനിക്കറിയാം. സ്വത്തവകാശം ലഭിച്ച അച്ഛന്റെ സഹോദരനിലുള്ള പൗത്രന്മാരുടെ സമ്പന്നവും കുത്തഴിഞ്ഞതുമായ ജീവിതം അതിന്നെതിരെ നിൽക്കുന്നു.

ജീവിതത്തിന്റെ ഈ പരുക്കൻ യാഥാർഥ്യങ്ങൾക്ക് നേരെ മുഖംതിരിക്കാൻ വയ്യ. ഈ നിത്യ ദുരിതത്തിനു നേരെ കണ്ണു ചിമ്മാനും വയ്യ. ഈ രോദനം കേൾക്കാതിരിക്കാൻ ചെവിയിൽ പരുത്തി തിരുകാനും വയ്യ. ഇതൊക്കെ നമ്മുടെ സമൂഹ സത്യത്തിന്റെ ഭാഗമാണ്. മുസ്‌ലിം മതവിഭാഗത്തിന്റെ മുഖച്ഛായയായിതു മാറുകയും ചെയ്തിരിക്കുന്നു. അവരെപ്പോലുള്ള ഗാർഹികാന്തരീക്ഷത്തിൽ ജനിച്ചു വളർന്നവനാണ് ഞാൻ. അവരുടെ സുഖദുഃഖാദികളുള്ള വികാരവാഹിയായ ജീവിതത്തിൽനിന്ന് ഊർജം വലിച്ചെടുത്ത ഒരെഴുത്തുകാരനാണ് ഞാൻ. എനിക്കവരോട് കടപ്പാടും കടമയും ഉണ്ട്. ഇത് എന്റെ ജോലി തന്നെയാണെന്നു ഞാൻ വിശ്വസിക്കുന്നു.

ഇതിനെല്ലാം ശരീഅത്ത് ശാശ്വത പരിഹാരം നിർദേശിച്ചിരിക്കുന്നു എന്നു പറയുന്നത് എനിക്ക് മനസ്സമാധാനം തരുന്നില്ല. ഇവയോടു ഉദാസീന നയം അവലംബിക്കാനും എനിക്ക് കഴിയുകയില്ല.

മതപണ്ഡിതന്മാർ നൽകുന്ന വ്യാഖ്യാനങ്ങൾ എന്നെ തൃപ്തിപ്പെടുത്തുന്നില്ല. അതായത്, ശരീഅത്തും ശരീഅത്തിനെക്കുറിച്ചുള്ള മത പണ്ഡിതന്മാരുടെ തീർപ്പുകളും മത പണ്ഡിതനല്ലാത്ത എനിക്കും ഒരു സങ്കീർണ പ്രശ്നമാകുന്നു. എന്റെ മനുഷ്യസങ്കൽപത്തോട് ആ തീർപ്പുകൾ പൊരുത്തപ്പെട്ടുപോകുന്നില്ല. ആ സങ്കൽപത്തിന്റെ മേൽ ആഞ്ഞുകയറിയ മുള്ളാണികളായി ഇന്ത്യൻ പേർസണൽ ലോവിലെ അപാകതകൾ എനിക്ക് തോന്നുന്നു. അവ പിഴുതെടുക്കാൻ ഞാൻ വെമ്പുന്നു. സമൂഹദുരിതത്തിനു പ്രതിവിധി കാണാതെ പറ്റില്ല എന്നതാണ് എന്റെ ആഗ്രഹം.

അപ്പോൾ ശരീഅത്തിനെക്കുറിച്ചും മതവിശ്വാസത്തെക്കുറിച്ചും ചിന്തിച്ചുപോവുക സ്വാഭാവികമാണ്. ആ സ്വാഭാവിക ചിന്തയെക്കുറിച്ചുള്ള ഒരു പടു കുറിപ്പ് മാത്രമാണിത്.

സമൂഹ പുരോഗതി എന്ന ആശയത്തോട് എതിർപ്പുള്ള മുസ്‌ലിംകൾ ഇന്നുണ്ടോ, ആവോ? ജീവിതത്തിന്റെ വിവിധ മേഖലകളിൽ അവിശ്വസനീയവും അത്ഭുതാവഹവുമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഇവ കുടുംബ ജീവിതത്തെയും സമൂഹബന്ധങ്ങളെയും സാരമായി ബാധിക്കുന്നു. പഴയ ചട്ടക്കൂടുകൾ ദ്രവിക്കുന്നു. പുതിയ സംവിധാനവും ക്രമീകരണവും സമൂഹത്തിനു ആവശ്യമായിവരുന്നു. മുമ്പ് ഊഹിക്കാൻ പോലും കഴിയാത്ത പ്രശ്നങ്ങളെയാണ് ഇപ്പോൾ അഭിമുഖീകരിക്കേണ്ടി വരുന്നത്. കഴിവിനൊത്ത് ഇവ പരിഹരിക്കാൻ ഭരണകൂടവും പൗരാവലിയും ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പരിവർത്തന പ്രക്രിയയുടെ ഒരു ഘടകം മാത്രമാണ് നിയമാവിഷ്കാരം. പഴയ നിയമങ്ങൾ റദ്ദാക്കേണ്ടിവരുന്നു. പുതുനിയമങ്ങൾ ആവശ്യമായിവരുന്നു. പഴയ നിയമങ്ങൾ റദ്ദ് ചെയ്തില്ലെങ്കിൽ, നിലവിലുള്ള നിയമവും നിലവിലുള്ള സമൂഹവും തമ്മിലുള്ള അകലം പെരുകും. അചിരേണ അനിശ്ചിതത്വത്തിലേക്കും അരാജകത്വത്തിലേക്കും ഈ അകൽച്ച വഴി തെളിയിക്കും. അതിന്റെ ദുഃഖകരമായ പര്യവസാനം നിയമവാഴ്ചയുടെ അന്ത്യം കുറിക്കും.

സമൂഹ പുരോഗതിക്കനുസരിച്ച് നിയമനിർമാണം നീങ്ങാത്തതുകൊണ്ടാണ് നിയമം തന്നെ ഒരു കഴുതയാണെന്ന് ഒരു നിയമജ്ഞൻ അഭിപ്രായപ്പെട്ടത്. ഇതു പണ്ടൊരു രജകന്റെ അങ്ങാടിത്തെരുവിൽ അനാഥമായി ഉഴലുകയും കണ്ടവർക്കെല്ലാം കല്ലെറിയാനുള്ള സാധുമൃഗവും കൂടിയായാലോ! നിയമ പരിഷ്കരണത്തിനു തടസ്സം ഉണ്ടാക്കുന്നവർ അറിഞ്ഞോ അറിയാതെയോ പഴങ്കഥയിലെ അലക്കുകാരന്റെ വംശം കുറ്റിയറ്റുപോയിട്ടില്ലെന്നു തെളിയിക്കുന്നു.

മത ശാസനകൾ പൂർണമാണ്. അവ പവിത്രമാണ്. അവ വള്ളിപുള്ളി മാറ്റേണ്ടതില്ല. അവ സമൂഹത്തിൽ അപ്പടി പ്രയോഗിച്ചാൽ പ്രശ്നങ്ങളെല്ലാം പരിഹരിക്കാം. ഇതാണ് വാദം. സമൂഹത്തിന് എന്തോ തകരാറ് സംഭവിച്ചിട്ടുണ്ടെന്ന് അവരും സമ്മതിക്കുന്നു. പ്രപഞ്ചം ദൈവസൃഷ്ടിയാണ്. മതഗ്രന്ഥങ്ങൾ ഈശ്വര പ്രോക്തവുമാണ്. പ്രപഞ്ച സൃഷ്ടിയുടെ ഒരു ഘടകം മാത്രമാണ് മനുഷ്യ ജീവിതം. ഇതാണ് മതങ്ങളുടെ ഉദ്ഘോഷണം. മനുഷ്യ ജീവിതത്തിന്റെ ബാഹ്യപ്രകാശനമാണ് സമൂഹ ബന്ധം. പ്രപഞ്ചവും വേദവും ദൈവസൃഷ്ടിയാണെങ്കിൽ അവ പരസ്പര പൂരകമായിരിക്കണം. സമൂഹ യാഥാർഥ്യത്തിന്റെ സൈദ്ധാന്തികവൽക്കരണമായിരിക്കണം ദൈവവചനം. ദൈവവചനത്തിന്റെ പ്രവർത്തന രൂപം സമുദായം. ഇവ ഏറ്റുമുട്ടാൻ പാടില്ല.

ഇവ ഏറ്റുമുട്ടുന്നതു നാം കാണുന്നു. വിശ്വാസ വ്യതിയാനം കൊണ്ടാണ് സമൂഹം ദുഷിച്ചുപോകുന്നതെന്നവർ ആണയിടുകയും ചെയ്യുന്നു. വിശ്വാസത്തിലേക്ക് മടങ്ങിയാൽ എല്ലാം ശുഭപര്യവസായി. ദുഷിച്ച സമുദായവും ശുദ്ധമായ സൂക്തങ്ങളും രണ്ടു ഭിന്നശക്തികളായി വർത്തിക്കുന്നുവെന്നുള്ളതാണല്ലോ ഇതിൽനിന്നുണ്ടാക്കാവുന്ന സരളമായ നിഗമനം. രണ്ടും ദൈവസൃഷ്ടികളായാൽ ഇങ്ങനെ സംഭവിക്കാൻ പാടുണ്ടോ? ചെരിപ്പിനനുസരിച്ചു കാൽ മുറിക്കുന്ന ഒരു സാങ്കേതിക കൗശലമാണ് മത പണ്ഡിതന്മാർ ഇതിനു പ്രതിവിധിയായി നൽകുന്നത്. മനുഷ്യന് നന്മതിന്മകൾ തിരിച്ചറിയാനുള്ള വിവേചനബോധം ദൈവം തന്നിട്ടുണ്ടെന്നത് ഇവിടെ തിരസ്കരിക്കപ്പെടുന്നു. ഉദാഹരണമായി ബഹുഭാര്യത്വം എടുക്കുക. അനിയന്ത്രിതമായ വിവാഹമോചനം കാരണം അനാഥക്കുട്ടികൾ പെരുകിയതിനു ശരീഅത്ത് എന്ത് പിഴച്ചുവെന്ന് വാദിക്കുന്ന പണ്ഡിതന്മാരും കേരള മഹാരാജ്യത്തിൽ ഉണ്ട്! അനാഥക്കുട്ടികളുടെ നീതി പരിപാലന വിഷയത്തിൽ കേന്ദ്രീകൃതമായ ഒരു ഖുർആൻ സൂക്തത്തിലാണ് രണ്ടോ, നാലോ വിവാഹം കഴിക്കാനുള്ള നിർദേശം. അനാഥക്കുട്ടികളുടെ എണ്ണം ചുരുക്കുക എന്നതായിരുന്നു ഉദ്ദേശ്യം. അതിപ്പോൾ അനാഥക്കുട്ടികളുടെ എണ്ണം പെരുപ്പിക്കാനുള്ള ഉപായമായി വന്നാലോ? നരനെ നരാധമനാക്കുന്ന ഈ സ്ഥിതിവിശേഷത്തിനു എങ്ങനെയാണ് ആധ്യാത്മികമായ സാധൂകരണം നൽകാൻ കഴിയുക?

വാസ്തവത്തിൽ ഒരു സാധൂകരണവും ഇല്ല. വ്യാഖ്യാനമാണവർ നൽകുന്നത്. ഈ വ്യാഖ്യാനം ദൈവനിർമിതമല്ല. മനുഷ്യനിർമിതമാണുതാനും.

ഖുർആനിൽ ബൃഹത്തായ സമൂഹ നിയമങ്ങളില്ല. ചില നിർദേശങ്ങളേ ഉള്ളൂ. ഖുർആനിലെ നിർദ്ദേശക തത്വങ്ങളേയും, പ്രവാചകചര്യകളെയും യുക്തിബോധത്തെയും ആസ്പദമാക്കിയാണ് ശരീഅത്ത് എന്ന പേരിൽ അറിയപ്പെടുന്ന നിയമവ്യവസ്ഥകൾ ക്രോഡീകരിച്ചത്. അവ പല മുസ്ലിം രാജ്യങ്ങളിലും പല തരത്തിലുള്ളവയാണ്. ഭിന്നതകൾ അവ തമ്മിൽത്തന്നെയുണ്ട്. പ്രാദേശിക പരിതഃസ്ഥിതികൾ നിയമനിർമാണത്തിൽ നിർണായക ഘടകമായി വന്നുവെന്നർഥം.

പ്രാദേശിക പരിഗണനകൾ ആവാമെങ്കിൽ, കാലികമായ പരിഗണനകളും ആവശ്യമായി വരും. സമൂഹത്തിന്റെ ചലനാത്മകത അതാവശ്യമാക്കിത്തീർക്കുന്നു. ഇക്കാലത്ത് ഒരു പെണ്ണിനെ പോലും പോറ്റാനുള്ള ഗതിയില്ലാത്തവരാണ് ഇന്ത്യയിൽ ഭൂരിപക്ഷവും. അയാളും ഭാര്യയും കൂടി ജോലി ചെയ്താലേ കുടുംബം പുലർത്താൻ കഴിയും. അതുതന്നെ നാണയപ്പെരുപ്പം കാരണം വിഷമം. രണ്ടുപേരുടെയും വരുമാനം വിനിയോഗിക്കുന്നു; ഇവിടെ രണ്ടു പേരും തുല്യമായ ഉത്തരവാദിത്വം ഏറ്റെടുക്കുന്നു. തുല്യമായ ഉത്തരവാദിത്വം തുല്യമായ പരിഗണനക്ക് അവരെ അർഹരാക്കുന്നു. പുരുഷ പ്രാമാണ്യമുള്ള സമൂഹം ഒരു കടങ്കഥയാകാൻ പോകയാണ്. യന്ത്രപരിരക്ഷണമുള്ള വ്യവസായവൽകൃത സമൂഹത്തിൽ പുരുഷൻ ചെയ്യുന്ന എല്ലാ ജോലിക്കും സ്ത്രീയും പ്രാപ്തയാകുന്നു. തെങ്ങിൽ കയറി നാളികേരമിടാൻ ഇപ്പോൾ സ്ത്രീകൾക്കു സാധിക്കുകയില്ല. പരിശീലനം നേടാത്ത പുരുഷന്മാർക്കും. തേങ്ങപറിച്ചെടുക്കുകയും ശേഖരിക്കുകയും ചെയ്യുന്ന യന്ത്രം ഉണ്ടാകുകയും അതു വ്യാപകമായി ഉപയോഗിക്കുകയും ചെയ്താലോ? അത് ഓപ്പറേറ്റ് ചെയ്യാൻ സ്ത്രീ മതിയാകും. ജീവിത ബന്ധങ്ങളിൽ വരുന്ന ഈ പരിവർത്തനങ്ങളെ കണക്കിലെടുക്കാതെ സ്ത്രീയെ അടുക്കളയിലെ റാണിയായി പട്ടം നൽകി വാഴിക്കാൻ ഭാവി സമുദായത്തിൽ കഴിയുകയില്ല. റാണി ഇനി ശീട്ടുപെട്ടിയിൽ മാത്രമേ ഉണ്ടാകൂ. ഇപ്പോൾ തന്നെ അടുക്കള ചെറിയൊരു ഫാക്ടറിയായി മാറിയിരിക്കുന്നു. അടുപ്പും അരക്കലും അടിക്കലും അലക്കലും ഒക്കെ യന്ത്രങ്ങൾ ഏറ്റെടുക്കാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകൾക്ക് അധ്വാനം കുറയുന്നു; ഒഴിവുസമയം കൂടുന്നു. ഈ ഒഴിവ് സമയത്തിന്റെ വിനിയോഗം രചനാത്മകമാർഗത്തിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്. അതിനും സ്ത്രീക്ക് തുല്യ പങ്കാളിത്തം ആവശ്യമാണ്. അതുകൊണ്ടിനി കിടപ്പറ പങ്കിടാൻ രണ്ടാമതൊരുത്തിയെ കിട്ടാൻ ഞെരുക്കം.

മുസ്ലിം സമൂഹത്തിലെ സാമ്പത്തികമായ അധഃസ്ഥിതി കാരണമാണ് ദുർവൃത്തന്മാർക്ക് നാലു പെണ്ണ് കിട്ടാനുള്ള ലൈസൻസ് കിട്ടുന്നത്. ഇത് ദയവുചെയ്ത് ഖുർആന്റെ പേരിൽ ന്യായീകരിക്കരുത്.

ഖുർആനിലെ ബഹുഭാര്യത്വം അവതരിപ്പിച്ച സൂക്തം അപഗ്രഥന വിധേയമാക്കേണ്ടതുണ്ട്. ഒരു യുദ്ധത്തിൽ നിരവധി പുരുഷന്മാർ വാളിന്നിരയായി. നിരവധി സ്ത്രീകൾ നിരാലംബരായി. ഈ ചരിത്ര പശ്ചാത്തലം പരമപ്രധാനമാണ്. ഈ പശ്ചാത്തല ബന്ധത്തിലാണ് സമൂഹ ബന്ധങ്ങളെ കാണേണ്ടത്. ആറാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹവും, ഇരുപതാം നൂറ്റാണ്ടിലെ ഇന്ത്യൻ മുസ്ലിം സമൂഹവും ഒന്നാണെന്ന് പറയുന്നത് സാമാന്യ ബുദ്ധിയുടെ നേരെയുള്ള കടന്നാക്രമണമാണ്. ഇന്ത്യൻ മുസ്ലിം സമൂഹം എന്നു പറയുന്നതു തന്നെ വിരോധാഭാസമാണ്. മതാനുഷ്ഠാനങ്ങൾ ഒഴിച്ചുനിർത്തിയാൽ ജീവിതായോധനത്തിലും നഗര-ഗ്രാമ പരിസരത്തിലും ഇന്ത്യയിലെ മറ്റു മതവിഭാഗങ്ങളിൽനിന്നു വ്യത്യസ്തരല്ല മുസ്ലിംകൾ. എന്തിന്, ആറാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹവും ഇരുപതാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹവും എത്രമാത്രം ഭിന്നമാണ്! പെട്രോ ഡോളർ ഉണ്ടാക്കിയ സമ്പന്നത ഇരുപതാം നൂറ്റാണ്ടിലെ അറേബ്യൻ സമൂഹത്തിന്റെ അലകും പിടിയും മാറ്റിയിരിക്കുന്നു.

അതായത്, സമൂഹം ചരിത്രത്തിന്റെ വിവിധ ഘട്ടങ്ങളിൽ ബാഹ്യവും ആന്തരികവുമായ ചലനശക്തികൾക്ക് വിധേയമായി പുതിയ വിതാനങ്ങളിലേക്ക് ഉയരുകയോ താഴുകയോ ചെയ്യുന്നു. സാപേക്ഷികമാണ് ഈ പരിവർത്തനം. ഇവ പുതു പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ചട്ടങ്ങൾ അതിനനുസരിച്ചു മാറ്റേണ്ടിവരും. മാറ്റിയിട്ടില്ലെങ്കിൽ മാറ്റുവിൻ ചട്ടങ്ങളെ എന്നു ഗർജിക്കേണ്ടി വരികയും ചെയ്യും. നിയമം വിപ്ലവാത്മകമല്ല. അത് പരിണാമാത്മകമാണ്. പടിപടിയായുള്ള പരിഷ്കാരം. അതിനാൽ ഒരു നിയമത്തിനും ശാശ്വതികതയില്ല. ശാശ്വതികത അവ

കാശപ്പെടാവുന്നത് നിയമങ്ങളുടെ ഉറവിടങ്ങൾക്കാണ്. ചരിത്രപരമായ പരിവർത്തന വിധേയത്വം എന്ന സമൂഹ സ്വഭാവത്തിന്നാണ് ശാശ്വതികത. പരിവർത്തന വിധേയത്വം മനുഷ്യനന്മയിൽ അധിഷ്ഠിതമാണോ എന്നതു മാത്രമാണ് മതങ്ങൾ പരിഗണിക്കേണ്ടത്. ഈ കാര്യം മുകളിൽ സൂചിപ്പിച്ച 'ചതുർ ഭാര്യാസിദ്ധാന്ത'ത്തിൽനിന്നു സുതരാം വ്യക്തമാണ്. നീതിപാലനവുമായി ബന്ധപ്പെടുത്തിയാണ് ആ പഴയ ഗോത്ര സമൂഹത്തിൽ നാലു ഭാര്യമാരാകാമെന്നു വെച്ചത്. നീതിപാലനം എല്ലാ ഭാര്യമാരോടും തുല്യമായ നീതി കാണിക്കുന്നതിനോടു ബന്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഇത് നിർവഹിക്കാൻ വ്യക്തികൾക്ക് വിഷമമുണ്ടെങ്കിൽ ഏകപത്നീവ്രതമാണ് ഉത്തമമെന്നും കൽപിച്ചിരിക്കുന്നു. ഇതുപോലെ ലക്ഷ്യത്തെ സംബന്ധിച്ചേടത്തോളം പലതും കാണാം. സ്ത്രീകൾക്ക് ഒട്ടും അവകാശം നൽകാത്ത സമൂഹത്തിലാണ് സ്വത്തവകാശത്തിനു അർഹത നൽകിയത്. അടിമകളുള്ള ഒരു സാമൂഹിക വ്യവസ്ഥയിൽ അടിമകളോട് ഔദാര്യം കാണിക്കാനും അവരെ കഴിവതും സ്വതന്ത്രമാക്കാനും മാത്രമേ കഴിയൂ. ഇപ്പോൾ അടിമകളില്ലാത്ത സാമൂഹികവ്യവസ്ഥയാണ് ഏറെക്കുറെയുള്ളത്. അതുകൊണ്ട് ഇപ്പോൾ ഒരാൾക്ക് എത്ര ആശിച്ചാലും അടിമകളെ സ്വതന്ത്രമാക്കാൻ കഴിയുകയില്ല. അങ്ങനെ ഒരാൾ ശ്രമിച്ചാൽ അയാളെ ഭ്രാന്താശുപത്രിയിൽ എത്തിക്കത്തക്കവിധം വികസിച്ചിരിക്കുന്നു നമ്മുടെ സമൂഹ ബോധം. മനുഷ്യനന്മ എന്നതാണ് നിയമത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ. മതം മനുഷ്യനന്മക്കാണ്. മനുഷ്യ നന്മക്ക് എതിരല്ല മതം; എതിരാകാൻ പാടില്ലാത്തതുമാണ്. അതുകൊണ്ടാണ് ഈ നിയമ വ്യവസ്ഥകൾക്ക് ശരീഅത്ത് എന്ന് പേരിടാനുള്ള കാരണം. ശരീഅത്ത് എന്നുവെച്ചാൽ ന്യായമായ മാർഗം; ശരിയായ മാർഗം; നേരായ പാത; വളവില്ലാത്ത പാത. ഈ നേർരേഖയെങ്ങനെ നമ്മുടെ സമൂഹ സത്യങ്ങളുടെ മുമ്പിൽ വക്രരേഖയായി മാറി?

ഈ പണ്ഡിത വർഗം വ്യാഖ്യാന പാടവം കാണിച്ചു വിവിധ ബ്രാൻഡുകളിലുള്ള ഇസ്‌ലാം മതങ്ങളും ശരീഅത്തുകളും ഉണ്ടാക്കിയിരിക്കുന്നു. പിന്നെ ഏതു ബ്രാൻഡാണ് മേത്തരം എന്ന ഒടുങ്ങാത്ത തർക്കത്തിലാണവർ എത്തിച്ചേരുന്നത്!

എന്തുകൊണ്ട് ഈ ലളിത സത്യം നാം കാണുന്നില്ല? നിസ്സാര തർക്കങ്ങളിലാണ് നമുക്ക് താൽപര്യം. വിവാഹ പ്രായം യൂണിയൻ ഗവൺമെന്റ് ഉയർത്തിയപ്പോഴും വിവാഹമോചനം നേടുന്ന മുസ്‌ലിം സ്ത്രീകൾക്ക് ചെലവിനു കൊടുക്കാൻ സിവിൽ നിയമം ബാധകമാക്കിയപ്പോഴും ശരീഅത്തിന്റെ പേരും പറഞ്ഞവർ ആക്രോശിച്ചിരുന്നു. മതത്തെ അവർ ആചാരാനുഷ്ഠാനങ്ങളുടെ സങ്കുചിതമായ പെരുമാറ്റച്ചട്ടമായി ക്ലിപ്തപ്പെടുത്തുന്നു. അവർ ഉണ്ടാക്കുന്നത് ലഘു വൃത്തങ്ങളാണ്. കൊട്ടിയടക്കപ്പെട്ട സമൂഹമാണ്. ഭൂതത്തിലാണ് അവരുടെ ശരീരവും മനസ്സും. ഭാവിയെക്കുറിച്ചവർക്ക് നോട്ടമേ ഇല്ല – ഭൂമിയിലെ ഭാവിയെക്കുറിച്ച്. മതത്തെ വിശാലമായ ഒരാധ്യാത്മിക സങ്കൽപമായി അവർക്ക് കാണാൻ പറ്റുന്നില്ല. മാനവ ജീവിതത്തിലെ ആധ്യാത്മിക ഭാവത്തിന്റെ അപരിമേയമായ വിശാലത അവർ കാണുന്നില്ല. മൂല്യ നിർധാരണത്തിൽ അവർക്കുത്സാഹമില്ല. മാനുഷികതയെക്കുറിച്ചു ഒരുദാത്ത സങ്കൽപം അവർക്ക് നൽകാനില്ല. സ്വഛന്ദമായ സമൂഹം, തുറന്ന സമൂഹം എന്നൊരാശയത്തിലേക്ക് എത്തിച്ചേരാൻ അവർക്ക് കഴിയുന്നില്ല.

അപവാദങ്ങൾ ഉണ്ട്. ഭൂരിപക്ഷത്തിന്റെ കഥ പറഞ്ഞുവെന്നേയുള്ളൂ. പഴയ ചോദ്യത്തിലേക്ക് തിരിച്ചുവരട്ടെ. നിങ്ങൾ ഏതു ചേരിയിൽ? പുരോഗതിയുടെയും മനുഷ്യക്ഷേമത്തിന്റെയും ചേരിയിലോ, മുരട്ടു പ്രമാണങ്ങളുടെ ചേരിയിലോ?

മൗലാനാ ആസാദ് തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ ഇതിന്നു സ്പഷ്ടമായ ഉത്തരം നൽകുന്നുണ്ട്:

"മതത്തിന്റെ സാരവത്തായ ഉദ്ദേശ്യം പുരോഗതിയും മനുഷ്യക്ഷേമവും ആണ്."

ഇതിന്നു കീഴൊപ്പു വെക്കുക മാത്രമേ എനിക്കു ചെയ്യേണ്ടതായുള്ളൂ. ■